പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2232** **04.11.2019 – ൽ മറുപടിക്ക്.**

**മുൻഗണനാ പട്ടികയിൽ അർഹരെ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കൃഷ്ണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ വരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ; | **(എ)** | അനർഹരായവർ സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സ്വന്തമായി നാലു ചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ടി ഡേറ്റകളുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡ്തല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.<br>കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്. |
| **(ബി)** | തളിപ്പറമ്പ് താലൂക്ക് സപ്ലൈസ് ഓഫീസ് പരിധിയിൽ അനർഹരാണെന്ന് കണ്ടെത്തിയ എത്ര പേരെയാണ് ഒഴിവാക്കിയത്; അറിയിക്കാമോ; | **(ബി)** | 3,197 കുടുംബങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. |
| **(സി)** | പ്രസ്തുത സപ്ലൈസ് ഓഫീസ് പരിധിയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്നും; എത്രപേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെന്നും വിശദമാക്കാമോ? | **(സി)** | ആകെ ലഭിച്ച 17,682 അപേക്ഷകളിൽ നിന്നും 3,663 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**